**പതിമൂന്നാം കേരള നിയമ സഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 4768 — 23.07.2015-ൽ മറുപടിക്ക്.

# മലപ്പുറം ജില്ലയിൽ അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം — മറുപടി

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് കഴിഞ്ഞ വർഷം അപേക്ഷ ക്ഷണിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ? | (എ) | പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചിരിന്നു. |
| (ബി) | എങ്കിൽ ആകെ എത്ര അപേക്ഷകരുണ്ടായിരുന്നത്; ഇവർക്ക് എഴുത്ത് പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തിയിട്ടുണ്ടോ; ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ: | (ബി) | ആകെ 988 അപേക്ഷകളാണ് ലഭിച്ചത്. ആയതിൽ 291 അപേക്ഷകൾ അപാകത കാരണം നിരസിക്കുകയും ശേഷിക്കുന്ന 697 പേർക്ക് പരീക്ഷ നടത്തുകയും അതിൽ ഹാജരായവർക്ക് തുടർന്ന് ഇന്റർവ്യൂ നടത്തുകയും ചെയ്തിട്ടുണ്ട്. ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇവർക്ക് കിട്ടിയ മാർക്ക് കൂടി ചേർത്താണോ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് പട്ടികയുടെകൂടെ മാർക്ക് ചേർത്തല്ല റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നത്. റാങ്ക് ലിസ്റ്റിറ്റിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (ഡി) | പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും കോടതി വിധികൾ വന്നിട്ടുണ്ടോ; | (ഡി) | ഉണ്ട്. WP (c) No. 19236/2015(D) എന്ന കേസിൽ 29-06-2015 തീയതിക്ക് ബഹു. കേരള ഹൈക്കോടതി മലപ്പുറത്തെ അക്ഷയ കേന്ദ്രങ്ങൾ അലോട്ട് ചെയ്യുന്നത് Writ Petition ന്റെ വിധിക്ക് വിധേയമായിരിക്കണമെന്നും , അലോട്ട്മെന്റ് നടത്തുമ്പോൾ Allottee യെ ഈ വിവരം പ്രത്യേകമായി അറിയിക്കണമെന്നും അറിയിച്ചിട്ടുണ്ട്. |
| (ഇ) | മലപ്പുറം ജില്ലയിൽ അക്ഷയകേന്ദ്രങ്ങൾ അനുവദിച്ചത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ? | (ഇ) | ഉണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എഫ്) | പ്രൊവിഷനൽ റാങ്ക് ലിസ്റ്റിനെ സംബന്ധിച്ചുള്ള പരാതി പരിഹരിക്കുന്നതിനായി ഉദ്യോഗാർത്ഥിക്ക് 14 ദിവസത്തിനകം ഡിസ്ട്രിക്ട് കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റിയിൽ ആദ്യ അപ്പീൽ നൽകാവുന്നതാണ്. ആദ്യ അപ്പീലിന്റെ തീർപ്പ് ലഭിച്ച് 7 ദിവസത്തിനകം രണ്ടാം അപ്പീൽ കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ ഡയറക്ടർക്ക് നൽകുന്നതിനും അവസരമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്